**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3025** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള തീരത്ത് മത്സ്യലഭ്യത കുറഞ്ഞു വരുന്നത് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോ; ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | കേരള തീരത്ത് മത്സ്യലഭ്യത മുൻകാലങ്ങളെ അപേക്ഷിച്ച് നേരിയ തോതിൽ കുറഞ്ഞിട്ടുണ്ടെങ്കിലും ആയത് മത്സ്യമേഖലയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-2023 ൽ കടൽ മത്സ്യ ഉല്പാദനം 6.90 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിരുന്നു. എന്നാൽ 2023-24 ൽ കടൽ മത്സ്യലഭ്യത 5.81 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞിട്ടുണ്ട്. കള്ളക്കടൽ പോലുള്ള പ്രതിഭാസങ്ങളും കാലാവസ്ഥാ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്തതും, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളും അത്യുഷ്ണവുമാകാം മത്സ്യലഭ്യതയിൽ കുറവുണ്ടായതിന് കാരണം എന്നാണ് നിലവിൽ അനുമാനിക്കുന്നത്. കൂടാതെ അശാസ്ത്രീയ മത്സ്യബന്ധനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നു എന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ CMFRI യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | അനിയന്ത്രിതമായി ചെറുമത്സ്യങ്ങളെ ഉൾപ്പെടെ പിടിക്കുന്നത് ഇതിനു കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളതീരത്ത് സുലഭമായതും വാണിജ്യ പ്രാധാന്യവുമുള്ള 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (സി) | കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നു വരുകയും ചെയ്യുന്നു. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതി, റിംഗ്, ഫ്ലവർ എന്നീ ആകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജിപിഎസ് സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. 2023-24 സാമ്പത്തിക വർഷം 26/05/2023 ലെ സ.ഉ. (സാധാ) 417/2023/മഉവ നം ഉത്തരവ് പ്രകാരം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കൽ" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. 60% തുകയായ 7.812 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 5.208 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിച്ചു.<br><br>ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ KMFR Act, KMFR Rules എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മൽസ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രെജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ്, തുറമുഖ എഞ്ചിനീയറിങ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ 'ശുചിത്വ സാഗരം' പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിങ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ